"ഭരണഭാഷ – മാതൃഭാഷ"

**File No:** DGE/1294/2021-H2.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 27/10/2021

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-സഹായിതം-2021-22 അധ്യയന വർഷത്തെ മെയന്റനൻസ് അനുവദിച്ച് നൽകുന്നത് സംബന്ധിച്ച്

സൂചന :- 1. 26.3.2021 ലെ സ.ഉ.(സാധാ) നം2312/2021/പൊ.വി.വ.
2. 27.9.2013 ലെ സ.ഉ. (പി) നം. 261/13/പൊ.വി.വ.

കോവിഡ് - 19 കാരണം 2020-21 അക്കാദമിക് വർഷം സ്കൂൾ പ്രവർത്തിക്കാതതിനാൽ മെയന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ വർഷം സ്കൂൾ തുറക്കുന്നതിനാൽ പ്രത്യേക നിർദേശം ഇല്ലാതെ തന്നെ ഇത് അനുവദിക്കാവുന്നതാണ്. ഈ അധ്യായന വർഷവും പല വിദ്യാഭ്യാസ ഓഫീസർമാരും മെയന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നില്ല എന്ന് പല ജില്ലകളിൽ നിന്നും പരാതികൾ ലഭിക്കുന്നുണ്ട്. 2021-22 അധ്യയന വർഷം തസ്തികനിർണയം നടക്കാത്തതിനാൽ 2019-20 വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈ അധ്യയന വർഷത്തെ (2021-22) മെയന്റനൻസ് ഗ്രാന്റ് അടിയന്തരമായി അനുവദിച്ചു നൽകുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signature Not Verified

Digitally signed by
SANTHOSH C A
Date: 2021.10.27
10:53:03 IST
Reason: Approved

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി